# ப. കാതോലിക്കാബാവാ തിരുമനസ്സിലേക്ക് സോവിയറ്റുയൂണിയനിൽ അത്യുജ്ജ്വല സ്വീകരണങ്ങൾ

(പ്ര. ലേ.) മോസ്ക്കോ.

ന്യൂഡൽഹിയിൽ നിന്ന് സെപ്റ്റംബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ ഏഴു മണിക്ക് മോസ്ക്കോ വിമാനത്താവളത്തിൽ എത്തിച്ചേർന്ന പ. ബാവാ തിരുമേനിക്കും മലങ്കരസഭാ പ്രതിനിധി സംഘത്തിനും അത്യുജ്ജ്വലമായ ഒരു സ്വീകരണമാണ് വിമാനത്താവളത്തിൽ വച്ചു നൽകപ്പെട്ടത്. റഷ്യൻ ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷനായ പ. പീമാൻ പാത്രിയർക്കീസുബാവാ മോസ്ക്കോയിലെ ഷെറിമെറ്റീഡോ വിമാനത്താവളത്തിൽവച്ച് പ. കാതോലിക്കാബാവായെ ചുംബനം ചെയ്ത് സ്വീകരിച്ചു. മെത്രാപ്പോലീത്തന്മാരും, ആർച്ചുബിഷപ്പന്മാരും, പട്ടക്കാരും, റഷ്യൻ പേട്രിയർക്കേറ്റിലെ സഭാപ്രവർത്തകരും ചേർന്ന് മറ്റു പ്രതിനിധികളെയും സ്വീകരിച്ചു. പ. കാതോലിക്കാബാവായെയും പ്രതിനിധിസംഘത്തെയും കാണുന്നതിനു വലിയ ഒരു ജനക്കൂട്ടം വിമാനത്താവളത്തിൽ കൂടിയിരുന്നു. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വിമാനത്താവളത്തിൽവച്ച് പ്രതിനിധിസംഘത്തോടു ചേർന്നു.

പ. കാതോലിക്കാബാവായും പ്രതിനിധിസംഘവും റഷ്യൻ പാത്രിയർക്കേറ്റു സന്ദർശിച്ച ശേഷം അവർക്കായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള അതിഥിമന്ദിരത്തിലേക്കു ആനയിക്കപ്പെട്ടു. വിശ്രമാനന്തരം 21-ാം തീയതി വൈകിട്ടു പ. കാതോലിക്കാബാവാ തിരുമനസ്സിലെ ബഹുമാനാർത്ഥം റഷ്യൻ പാത്രിയർക്കീസ് നടത്തിയ വിരുന്നുസൽക്കാരത്തിൽ പ്രതിനിധികൾ സംബന്ധിച്ചു. വിവിധ സഭാനേതാക്കന്മാരും, വൈദികശ്രേഷ്ഠന്മാരും, രാഷ്ട്രപ്രതിനിധികളുമായി ഒരു വലിയ സംഘം ആളുകൾ വിരുന്നിൽ സംബന്ധിച്ചിരുന്നു.

22, 23 എന്നീ തീയതികളിൽ പ്രതിനിധിസംഘം മോസ്ക്കോയിലെയും, കീവിലെയും പ്രധാനപ്പെട്ട പള്ളികൾ സന്ദർശിച്ചു. 23-ാം തീയതി മോസ്ക്കോയിലെ പാത്രിയർക്കാ കത്തീഡ്രലിൽ പ. കാതോലിക്കാ ബാവായുടെ സ്വീകരണം സംബന്ധിച്ച് നടന്ന ഒരു ചടങ്ങിൽവച്ച് റഷ്യൻ ഓർത്തഡോക്സ് സഭയുടെ ഏറ്റവും ഉന്നതബിരുദമായ The order of St. Vladimer (ഓർഡർ ഓഫ് സെന്റ് വ്ളാഡിമർ) എന്ന അവാർഡ് പ. പീമാൻ പാത്രിയർക്കീസ് പ. കാതോലിക്കാ ബാവായ്ക്ക് നൽകി ബഹുമാനിച്ചു.

24-ാം തീയതി അർമ്മീനിയൻ കാതോലിക്കോസ് പ. വസ്ക്കൻ തിരുമനസ്സിലെ ക്ഷണപ്രകാരം പ. ബാവാ തിരുമേനിയും പ്രതിനിധിസംഘവും അർമ്മീനിയൻ സഭാകേന്ദ്രമായ എച്ച്മിയാഡ്സിനിൽ എത്തി. സോവിയറ്റ് അർമ്മീനിയായിലെ ഇരവാൻ വിമാനത്താവളത്തിൽ അർമ്മീനിയൻ കാതോലിക്കോസ് വസ്ക്കൻ തിരുമേനിയും മെത്രാപ്പോലീത്തന്മാരും വൈദികരും വൈദികവിദ്യാർത്ഥികളും സഭാംഗങ്ങളും ചേർന്ന് കാതോലിക്കാബാവായേയും പ്രതിനിധിസംഘത്തേയും സ്വീകരിച്ച് വസ്ക്കൻ കാതോലിക്കാബാവായുടെ ആസ്ഥാനമായ എച്ച്മിയാഡ്സിനിൽ അരമനയിലേക്ക് ആനയിച്ചു. അരമനകത്തീഡ്രലിലെ പ്രാർത്ഥനയ്ക്കു ശേഷം വസ്ക്കൻ തിരുമേനിയുടെ അതിഥികളായി പ്രതിനിധിസംഘം താമസിച്ചു. വസ്ക്കൻ കാതോലിക്കോസിന്റെ മനോഹരവും ബ്രഹത്തും അകം മുഴുവനും മാർബിൾ നിരത്തിയതുമായ കൊട്ടാരത്തിലാണ് പ. കാതോലിക്കാബാവായ്ക്ക് താമസിക്കുന്നതിന് ഏർപ്പാടു ചെയ്തിരുന്നത്. ഈ അരമന നോഹയുടെ പെട്ടകം ഉറച്ചതായ മഞ്ഞുനിറഞ്ഞ അറാറാത്തുമലയുടെ അടിവാരത്താണ് സ്ഥിതിചെയ്യുന്നത്.

25-ാം തീയതി പ്രതിനിധിസംഘം സോവിയറ്റ് അർമ്മീനിയായിലെ ചരിത്രപ്രസിദ്ധവും

പുരാതനവുമായ പള്ളികളും സ്ഥാപനങ്ങളും സന്ദർശിച്ചു.

26-ാം തീയതി അർമ്മീനിയൻ സഭാചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന ഒരു സംഭവമാണ് നടന്നത്. അന്നു രാവിലെ വി. കുർബ്ബാനമദ്ധ്യേ അർമ്മീനിയൻ ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷനും മലങ്കര ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷനും ചേർന്ന് നടത്തിയ പ. മൂറോൻ കൂദാശയായിരുന്നു അത്. ഈ കൂദാശയിൽ ആർച്ചുബിഷപ്പന്മാരും, ബിഷപ്പന്മാരും, വൈദികരും, അത്മായക്കാരും ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അർമ്മീനിയൻ സഭയെ പ്രതിനിധീകരിച്ച് സംബന്ധിച്ചിരുന്നു. വലുതും പുരാതനവുമായ കത്തീഡ്രലിനകത്തും കൽപലകകൾ പാകിയ വിശാലമായ മുറ്റത്തും ബഹുസഹസ്രം ആളുകൾ തിങ്ങിനിന്ന് ഈ കൂദാശയിൽ സംബന്ധിച്ചു. മലങ്കരസഭാ പ്രതിനിധിസംഘത്തിന് മദ്ബഹായോടു ചേർന്ന് പ്രത്യേകം സ്ഥലം സജ്ജീകരിച്ചിരുന്നു. ശുശ്രൂഷാമദ്ധ്യേ പ. വസ്ക്കൻ തിരുമേനി അർമ്മീനിയൻ സഭയുടെ സഹോദരീസഭയായ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനെ സ്വാഗതം ചെയ്തുകൊണ്ട് "സഹോദരന്മാർ ഒന്നിച്ചു വസിക്കുന്നത് എത്ര നന്മയും സൗന്ദര്യവുമാകുന്നു" എന്ന വേദവാക്യത്തെ ആസ്പദമാക്കി പ്രസംഗിച്ചു. പ. കാതോലിക്കാബാവാ തന്നെ സഹോദരനിർവ്വിശേഷം സ്വീകരിച്ച വസ്ക്കൻ തിരുമേനിക്കും അർമ്മീനിയൻ സഭയ്ക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ചെയ്ത മറുപടി പ്രസംഗം ഹൃദയസ്പർശകമായിരുന്നു. ശുശ്രൂഷകൾക്കുശേഷം പ. കാതോലിക്കാബാവായുടെ കൈ മുത്തി അനുഗ്രഹം പ്രാപിക്കുന്നതിന് തിങ്ങിക്കൂടിയ ജനതതിക്കു കണക്കില്ല.

26-ാം തീയതി വൈകിട്ട് പ. കാതോലിക്കാബാവാ തിരുമനസ്സിലെ ബഹുമാനാർത്ഥം എച്ച്മിയാഡ്സിൻ പാലസിൽ വച്ചു നടത്തപ്പെട്ട വിരുന്നു സൽക്കാരത്തിൽവച്ച് പ. വസ്ക്കൻ തിരുമേനിക്ക് പ. കാതോലിക്കാബാവാ വിലപിടിപ്പുള്ള അനേകം സമ്മാനങ്ങൾ നൽകി. വസ്ക്കൻ തിരുമേനിയും രത്നങ്ങൾ പതിച്ച സ്വർണ്ണ സ്ലീബായും കുരിശും മാലയും മറ്റും പ. കാതോലിക്കാബാവായ്ക്കും പ്രതിനിധി സംഘാംഗങ്ങൾക്ക് പ്രത്യേകം സമ്മാനങ്ങളും നൽകുകയുണ്ടായി. 27-ാം തീയതി പ. ബാവാതിരുമേനിയും മറ്റും മോസ്ക്കോയിലേക്കു മടങ്ങി. മോസ്ക്കോയിൽവച്ച് 28-ാം തീയതി നടത്തപ്പെട്ട സമാധാനസമ്മേളനത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ചശേഷം ലനിൻഗ്രാഡും റഷ്യയിലെ വി. പള്ളികളും ഒക്ടോബർ ഒന്നാം തീയതി വരെ സന്ദർശിച്ചു. ഒക്ടോബർ 2-ാം തീയതി പ. കാതോലിക്കാബാവാ തിരുമേനിയും പരിവാരങ്ങളും റൂമേനിയൻ പാത്രിയർക്കീസ് പ. ജസ്റ്റീനിയൻ തിരുമനസ്സിലെ ക്ഷണപ്രകാരം ബുക്കാറിസ്റ്റിലേക്കു പോയി.

*(മലങ്കരസഭാ മാസിക, 1976 ഒക്ടോബർ)*